# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2417 — 19.06.2013 - ൽ മറുപടിക്ക്

## പഴയ കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കെ.ഡബ്ല്യു.എ. യുടെ പഴയ കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(എ) കോഴിക്കോട് നഗര ശുദ്ധജലവിതരണ പദ്ധതിയുടെ തകരാറായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2500 ലക്ഷം രൂപയുടെ പദ്ധതിക്ക് 30.09.2009-ൽ ഭരണാനുമതി നൽകി.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും ഈ പദ്ധതി ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

(ബി) ഭരണാനുമതി നൽകിയ തുക, 2500 ലക്ഷം രൂപ, പദ്ധതിയിൻ കീഴിൽ 118 കി.മീ പൈപ്പ് ലൈൻ മാറ്റേണ്ടതുണ്ട്. ഇതിൽ 54 കി.മീ പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചു. തിരക്കേറിയ റോഡുകളിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാലും ചില ടെണ്ടറുകളിൽ പ്രാതിനിധ്യം ഇല്ലാത്തതിനാലും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ബഹു. എം.എൽ.എ ശ്രീ. പ്രദീപ് കുമാർ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കൂടിയ മീറ്റിംഗിന്റേയും ബഹു. മന്ത്രി ശ്രീ. എം.കെ.മുനീർ അവർകളുടെ അദ്ധ്യക്ഷതയിലും കൂടിയ മീറ്റിംഗിന്റേയും അടിസ്ഥാനത്തിൽ കോഴിക്കോട് ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തികൾ സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായി. പ്രസ്തുത റീഹാബിലിറ്റേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തുക 1.78 കോടി രൂപയായിരുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ടി പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെയും, ഗ്രാവിറ്റി മെയിൻ വിതരണ ശൃംഖല തുടങ്ങിയവയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികളും

ഉൾപ്പെടുത്തി പ്രൊപ്പോസൽ റിവൈസ് ചെയ്യുകയും, റിവൈസ്ഡ് പ്രൊപ്പോസലിനുള്ള ഭരണാനുമതി നൽകാൻ 30.04.2013-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. അതിൻ പ്രകാരം റിവൈസ്ഡ് പ്രൊപ്പോസലിനുള്ള ഭരണാനുമതി നൽകുകയും അനന്തര നടപടികൾക്കായി കോഴിക്കോട് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ആരംഭിക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി വീണ്ടും ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ